വിലസ്ഥിരതാ ഫണ്ട്

6 (*465) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയിൽ നിന്നും കർഷകർക്ക് ആശ്വാസം നൽകുന്നതിനായി സർക്കാർ പ്രഖ്യാപിച്ച വിലസ്ഥിരതാഫണ്ട് സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫണ്ടിന്റെ പ്രയോജനം സംസ്ഥാനത്തെ ഏതെല്ലാം വിഭാഗം കർഷകർക്ക് ലഭിക്കുമെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്രസർക്കാർ രൂപംകൊടുത്ത മാതൃകയിലാണോ സംസ്ഥാനത്തും വിലസ്ഥിരതാ ഫണ്ട് നടപ്പാക്കുന്നത് ;

(ഡി) വിലസ്ഥിരതാഫണ്ടിന്റെ പരിധിയിൽ ഏതെല്ലാം വിളകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഇ) വിലസ്ഥിരതാഫണ്ടിൽ അംഗങ്ങളാകുന്ന കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഇല്ല.

(ബി-ഇ) 2003-04-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കുമെന്നും ഇതിലേക്കായി 50 കോടി രൂപ നീക്കിവയ്ക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇത് പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചുവരുന്നതേയുള്ളൂ.

രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കാൻ നടപടി

7 (*466) ശ്രീ. വി. ഡി. സതീശൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിക്കുവേണ്ടി രാസകീടനാശിനികൾ ഉപയോഗിക്കുന്നത് മിത്രകീടങ്ങളെയും നശിപ്പിക്കുവാനിടയാക്കുമെന്നും രാസകീടനാശിനികളുടെ ഉപയോഗം ഭൂഗർഭജലത്തെയും അന്തരീക്ഷത്തെയും മലിനപ്പെടുത്തുമെന്നും മറ്റ് വിഷമയമാകുമെന്നും മനിലയിലുള്ള ലോകപ്രശസ്ത നെൽകൃഷി കേന്ദ്രം അഭിപ്രായപ്പെട്ടകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കാനും ജൈവകീടനാശിനികൾ ഉപയോഗിക്കുവാനും എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

(ബി) രാസകീടനാശികളുടെ ഉപയോഗം പരമാവധി പരിമിതപ്പെടുത്തി കൊണ്ടുള്ള സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതികൾ സംസ്ഥാന കൃഷിവകുപ്പ് ഇപ്പോൾ നടപ്പിലാക്കിവരുന്നു. പാടശേഖരങ്ങളിൽ വിളക്ക് കെണികൾ പ്രവർത്തിപ്പിക്കുക, നിരന്തരമായ കീട നിരീക്ഷണം നടപ്പിലാക്കുക, കാർഷക കൃഷിസ്ഥല പാഠശാലകൾ സ്ഥാപിക്കുക, സംയോജിത കീടനിരീക്ഷണ പ്രദർശന പ്ലോട്ടുകൾ ജൈവിക നിയന്ത്രണോപാധികളുടെ ഉല്പാദനവും വിതരണവും എന്നീ പരിപാടികൾ സംയോജിത കീടനിയന്ത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

കൂടാതെ കീടരോഗങ്ങൾ പ്രതിരോധിക്കാൻ ശേഷിയുള്ള വിത്തിനങ്ങൾ നടുക, ശരിയായ കൃഷിരീതികൾ അനുവർത്തിക്കുക, വിത്തിനു പരിചരണം നടത്തുക, ജൈവകീടനാശിനികൾ ഉപയോഗിക്കുക, ജൈവിക നിയന്ത്രണോപാധികൾ ഉപയോഗിക്കുക തുടങ്ങിയവയും സ്വീകരിച്ചുവരുന്നു.

കാർഷിക സർവ്വകലാശാലയിലെ ടീച്ചിംഗ് സ്റ്റാഫിനു യു.ജി.സി. സ്കെയിൽ അനുവദിച്ചതിലെ ക്രമക്കേടുകൾ

8 (*467) ശ്രീമതി മേഴ്സി രവി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ലൂഡി ലൂയീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലയിൽ ടീച്ചിംഗ് സ്റ്റാഫിനു യു.ജി.സി. സ്കെയിൽ അനുവദിച്ചപ്പോൾ ക്രമരഹിതമാക്കി ശമ്പളം ഫിക്സ് ചെയ്യാനും അധികതുക കൊടുക്കാനും എടുത്ത തീരുമാനത്തിൽ അന്നത്തെ വൈസ്ചാൻസിലർ, പ്രോവൈസ് ചാൻസിലർ സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവർക്കുള്ള പങ്കും ഉത്തരവാദിത്വവും എന്തെന്ന് വിശദീകരിക്കാമോ ;

(ബി) യു.ജി.സി. സ്കെയിൽ പ്രസ്തുത സർവ്വകലാശാലയിൽ നടപ്പിലാക്കിയതു സംബന്ധിച്ച് ഫൈനാൻസ് ഇൻസ്പെക്ടർ വിംഗ് നടത്തിയ അന്വേഷണത്തിനു ശേഷം സമർപ്പിച്ചതും സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചതുമായ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള ക്രമരഹിതമായ യു.ജി.സി. സ്കെയിൽ, കോമൺറേഷ്യോ മുതലായവ പരിശോധിച്ച് തെറ്റ് പരിഹരിക്കുവാൻ ഒരു സബ്കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ;

(സി) അപ്രകാരമൊരു പരിശോധനയുടെ ആവശ്യമെന്തെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly